# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4602** — **26.06.2014-ൽ മറുപടിക്ക്**

## തലശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തലശ്ശേരി മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കെട്ടിട വിഭാഗത്തിൻ കീഴിൽ 2, ദേശീയപാത വിഭാഗത്തിൻ കീഴിൽ 1, നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ 8 എന്നിങ്ങനെ ആകെ11 പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തികളുടെയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (ബി) തലശ്ശേരി റസ്റ്റ് ഹൗസ് കിച്ചൻ ബ്ലോക്കിന്റെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരി മിനി സിവിൽ സ്റ്റേഷന്റെ അധിക പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. തലശ്ശേരി നാദാപുരം റോഡ് കി.മീ.1/100 മുതൽ 10/000 വരെയുള്ള റോഡ് നിർമ്മാണത്തിന് സാമ്പത്തിക, സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**